കേരള പരിപ്രേക്ഷ്യ പദ്ധതി 2030

49 (3333) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ആരാണ് തയ്യാറാക്കിയിട്ടുള്ളത് വിശദമാക്കുമോ ;

(ഡി) പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നോർഡിക് രാജ്യങ്ങളായ ഫിൻലാന്റ്, നോർവേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി' (sustainable prosperity) കൈവരിക്കുകയാണ് പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ ദൗത്യം (Mission). സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട് - സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി* നൽകിയിട്ടുണ്ട്.

(സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡ് ആണ് 'പദ്ധതി പരിപ്രേക്ഷ്യം 2030' തയ്യാറാക്കിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷി, അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ജലവിഭവം, ശാസ്ത്ര-സാങ്കേതികം, ഊർജം, തൊഴിലവസര സൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്.

RIDF പദ്ധതി

50 (3334) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) RIDF പദ്ധതിയുടെ എത്രാമത്തെ ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും RIDF പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) RIDF ൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾക്കായി സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം നിശ്ചയിച്ചിട്ടുണ്ടോ ; എത്ര ശതമാനമാണെന്ന് അറിയിക്കുമോ ;

(ഡി) RIDF-ൽനിന്നും വിവിധ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് RIDF ഫണ്ട് വിനിയോഗിച്ചതെന്നും ; അവയ്ക്ക് അനുവദിച്ച തുകയും അറിയിക്കുമോ ;

(എഫ്) വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പുതുതായി RIDF പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ടാബ്ലെ XX

(ബി) കേന്ദ്ര സർക്കാരിൽനിന്നും ആർ.ഐ.ഡി.എഫ്. പദ്ധതിക്കായി തുക ലഭിച്ചിട്ടില്ല. നബാർഡ് വായ്പയായിട്ടാണ് തുക അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly